**15U203** (Pages:2 ) Name: …………………

Reg. No……………………

# SECOND SEMESTER B.A./B.Sc./B.S.W. DEGREE EXAMINATION, JUNE 2016

## (CUCBCSS – UG)

(Common Course: Malayalam)

## CC15U MAL2 A08 – മലയാള സാഹിത്യം II

(2015 Admission)

**സമയം: 3 മണിക്കൂർ** **പരമാവധി: 80 മാർക്ക്**

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും 1/2 മാർക്കു വീതം**

1 'ഇവനെക്കൂടി സ്വീകരിയ്ക്കുക' എന്നു കവി പറയുന്നത് ആരോടാണ്?

2 കാളി സ്വയം സ്വീകരിച്ച പുതിയപേരെന്ത്?

3 ദൂരെ വൻ മരിക കമഴ്ത്തിവെച്ചതുപോലെ പെരുന്തച്ചൻ കാണുന്നതെന്ത്?

4 എം. പി പോളിന്റെ ഏതു കൃതിയിലെ അഭിപ്രായത്തിനുള്ള മറുപടിയായിട്ടാണ് കുട്ടികൃഷ്ണമാരാര് ഇതിഹാസകഥാപാത്രങ്ങൾ രചിച്ചത്?

5 'ചിറകറ്റ പക്ഷിയ്ക്കു ചിറകുമായ് നീ വരല്ലേ' എന്നു കവി പറയുന്നതാരോട്?

6 മുനിചെയ്ത മനോജ്ഞ കാവ്യം ആരുകേട്ടിരിക്കാമെന്നാണ് സീത ചിന്തിയ്ക്കുന്നത്?

7 പെരുവിരലിൽ നിന്നു കൊത്തുന്ന മഴ പിന്നെ എന്തായി മാറുന്നു?

8 'പൂവമ്പഴം' എന്ന പേരിൽ ചെറുകഥ എഴുതിയത് ആരെല്ലാം?

9 'സ്യൂസ് ദേവന്റെ അടിമത്തത്തിന് പകരമായി എന്റെ വേദനകളെ ഞാൻ കൈമാറുകയില്ല' എന്നു പറഞ്ഞതാരാണ്?

10 'തപന്റെ അമ്മ' ആരാണ് എഴുതിയത്?

**II ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം**

11 'മഴകൊണ്ടുമാത്രം മുളയ്ക്കുന്ന വിത്തുകളെ' കവി അവതരിപ്പിയ്ക്കുന്നതെങ്ങനെയെല്ലാം?

12 തപന്റെ അമ്മ ആദ്യമായി തല ഉയർത്തി നടക്കാനിടയായ സാഹചര്യമെന്ത്?

13 കവയത്രിയുടെ മുമ്പിൽ വന്നു നില്ക്കുന്ന പെൺകിടാവിന്റെ രൂപം എങ്ങനെയാണ് അവതരിപ്പിയ്ക്കുന്നത്?

14 പാരിസ്ഥിതിക കല സംഭാഷണാത്മകമാണ് എന്നു പറയുന്നതെന്തുകൊണ്ട്?

15 'ഈയൊരു ദൗർബല്യം നീക്കിയാൽ യുധിഷ്ഠിരനിലുള്ള ഗുണങ്ങളെ വർണ്ണിയ്ക്കാൻ കാലംപോര'. ഏതു ദൗർബല്യം?

**III ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക ഖണ്ഡികാ രൂപത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം**

16 'ഒരു വേള പഴക്കമേറിയാൽ
ഇരുളും മെല്ലെ വെളിച്ചമായി വരാം' എന്താണ് വിവക്ഷിതം?

17 'എങ്കിലുമതു ചെന്നുമാറ്റൊലിക്കൊണ്ടു പുത്ര-
സങ്കടം സഹിയാത്ത സഹ്യന്റെ ഹൃദയത്തിൽ' സന്ദർഭം വ്യക്തമാക്കുക

18 'ഇതിഹാസകഥാപാത്രങ്ങളി'ൽ ദുര്യോധനന്റെ മഹത്വം മാരാര് കാണിച്ചുതരുന്നത് ഏതുവിധത്തിലാണ്?

19 'പ്രൊമിത്യൂസ് കൊണ്ടുവരുന്ന അഗ്നിയെ കെടാതെ സൂക്ഷിയ്ക്കലാണ് സ്വാതന്ത്ര്യം' എന്നു പറയുന്നത് എന്തുകൊണ്ടാണ്?

20 ചങ്ങമ്പുഴയുടെ അവസാനനാളുകൾ എം.കെ. സാനു വർണ്ണിയ്ക്കുന്നതെങ്ങനെ?

21 മഹാശ്വേതാ ദേവിയെ ഇന്ത്യയിലെ മറ്റ് എഴുത്തുകാരിൽനിന്ന് വ്യത്യസ്തയാക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

22 കലാകാരി എന്ന നിലയിൽ നളിനിയെ അവതരിപ്പിയ്ക്കുന്നതിൽ കാരൂർ കാണിക്കുന്ന മികവ് രാജകൃഷ്ണൻ സ്ഥാപിയ്ക്കുന്നതെങ്ങനെ?

**IV ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 10 മാർക്ക് വീതം**

23 'ചിന്താവിഷ്ടയായ സീത'യുടെ അസാധാരണമായ മാനസിക ജീവിതത്തെ ആശാൻ അടയാളപ്പെടുത്തുന്നത് എങ്ങനെ?

24 'അച്ഛന്റെ വാത്സല്യാഭിമാനങ്ങളെ എങ്ങനെ സന്ദർഭവശാൽ വളർന്നുവന്ന കലാകാരാസൂയ വഞ്ചിച്ചു എന്ന് സ്വയം ട്രെയ്സ് ചെയ്യുകയാണ് ' – എന്ന കവിയുടെ വാക്കുകളെ മുൻനിർത്തി പെരുന്തച്ചൻ എന്ന കവിതയെ വിലയിരുത്തുക

25 നിസ്സഹായബാല്യത്തിന്റെ അവതരണം 'പട്ടുപാവാട' എന്ന കവിതയിൽ സാധിക്കുന്നത് ഏതുവിധത്തിലാണ് ?

26 പാരിസ്ഥിതിക കലയുടെ സവിശേഷതകളെ ജി. മധുസൂധനൻ അടയാളപ്പെടുത്തുന്നത് എങ്ങനെയെല്ലാമാണ്?

27 ''വൈലോപ്പിള്ളി സ്മരണയ്ക്കുള്ള ആദരവാണ് ഇവനെക്കൂടി''– ഈ പ്രസ്താവന ശരിയോ? വിശദീകരിയ്ക്കുക

28 ഇതിഹാസകഥാപാത്രങ്ങളിൽ ടൈപ്പുകൾ മാത്രമേ ഉള്ളൂ യഥാർത്ഥമനുഷ്യരില്ല എന്ന എം പി പോളിന്റെ അഭിപ്രായത്തെ കുട്ടികൃഷ്ണമാരാര് ഖണ്ഡിയ്ക്കുന്നതെങ്ങനെ?

*******